**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.265** — **18.06.2019-ൽ മറുപടിക്ക്**

**കടൽ മത്സ്യസംരക്ഷണ പ്രവർത്തനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**,, എസ്.ശർമ്മ**<br>**,, കെ. ദാസൻ**<br>**,, എം. മുകേഷ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന-മത്സ്യസംരക്ഷണത്തിനായി സംസ്ഥാനം നടപ്പാക്കി വരുന്ന കാര്യങ്ങൾ വിശദമാക്കാമോ; | (എ) | കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന മത്സ്യസംരക്ഷണത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1) കൃത്രിമപ്പാർ സ്ഥാപിക്കൽ<br>2) കടലിലെ കൂട് കൃഷി<br>3) സംസ്ഥാനത്തിന്റെ തീരക്കടലിൽ സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യകുഞ്ഞുങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (minimum legal size) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.<br>4) അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR Act ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.<br>5) ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തി.<br>6) പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്.<br>7) തീരക്കടലിൽ 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച് പി വരെ യന്ത്രക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തി.<br>8) ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി.<br>9) വിഷം കലക്കിയുള്ള മത്സ്യബന്ധനം, ഡൈനാമിറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ, പ്ലാസ്റ്റിക്, ക്ലാഞ്ഞിൽ എന്നിവ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചുള്ള തെറ്റായ മത്സ്യബന്ധന രീതികളും കർശനമായി നിരോധി ച്ചു.<br>10) കടൽ പട്രോളിംഗ് ശക്തമാക്കി.<br>11) ട്രോൾബാൻ 52 ദിവസമായി വർദ്ധിപ്പിച്ചു. (ജൂൺ 10-ജൂലൈ 31 വരെ)<br>12) ശാസ്ത്രീയമായ മത്സ്യബന്ധനം, മത്സ്യസമ്പത്തിന്റെ പരിപാലനവും സംരക്ഷണവും എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെ കൂടെ പങ്കാളിത്തത്തോടെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ത്രിതല രീതിയിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരി ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കടൽ മത്സ്യശോഷണത്തിന്റെ കാരണങ്ങളും അത് പരിഹരിക്കാനായുള്ള പ്രവർത്തനങ്ങളും അറിയിക്കാമോ; കടൽ മത്സ്യബന്ധനത്തിന്റെ വാണിജ്യവൽക്കരണം പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) | വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നു കയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോ ധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം, പ്രളയം തുടങ്ങി നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി കേരള തീരത്ത് സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യക്കുഞ്ഞുങ്ങളുടെ പിടിച്ചെടു ക്കാവുന്ന വലിപ്പം നിശ്ചയിച്ച് ഉത്തരവാകുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കി മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗ പ്പെടുത്തുക എന്ന ലക്ഷ്യത്തോടെ KMFR ആക്ട് ഭേദഗതിവരുത്തുകയും പുതിയ KMFR 2018 ചട്ടങ്ങൾ പ ുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തീരകടലിലെ മത്സ്യബന്ധന സാന്ദ്രത കുറയ്ക്കുന്നതിനായി 20 മീറ്ററിനു മുകളിൽ നീളമുള്ളതും 250 എച്ച്. പി യ്ക്ക് മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരകടലിൽ(12 നോട്ടിക്കൽ മൈലി നുള്ളിൽ) മത്സ്യബന്ധനം നടത്തു ന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. മത്സ്യബന്ധന വലകളുടെ ആകെ വലിപ്പവും കണ്ണിവലിപ്പവും നിയന്ത്രിച്ചു. ലൈറ്റ്, ക്ലാഞ്ഞിൽ, കൂട്ടികെട്ടിയ |

| | | | |
|---|---|---|---|
| | | | മരക്കമ്പുകൾ എന്നിവ ഉപയോഗിച്ചുള്ള അശാസ്ത്രീയ മത്സ്യബന്ധന രീതികൾ കർശനമായും നിരോധിച്ചിട്ടുണ്ട്.<br>പ്രധാന മത്സ്യങ്ങളുടെ പ്രജനന കാലമായ മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം 52 ദിവസമായി വർദ്ധിപ്പിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശങ്ങളിൽ കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി യിട്ടുണ്ട്.<br>പുതുക്കിയ KMFR ചട്ടം 3(3) പ്രകാരം പരമ്പരാഗത മത്സ്യബന്ധനം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് മുതൽ പരവൂർ പൊഴിക്കര വരെ 30 മീറ്റർ ആഴം വരെയും പരവൂർ പൊഴിക്കര മുതൽ കാസർഗോഡ് ജില്ലയിലെ ബംഗരമഞ്ചേശ്വരം വരെ 20 മീറ്റർ ആഴം വരെയും യന്ത്രവൽകൃത മത്സ്യബന്ധനം നിരോധിക്കുകയും കർശനമായി നടപ്പിലാക്കുകയും ചെയ്തു വരുന്നു. ഓഖി ദുരന്ത ബാധിതരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഫ് ആർ പി ബോട്ടുകൾ ഉൾപ്പെടെ 120 മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവദിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | മത്സ്യബന്ധനത്തിനുപയോഗിക്കുന്ന ഇന്ധനത്തിന്റെ വിലയിൽ ഇളവ് നൽകുന്നതിനും ഫിഷിംഗ് ലൈസൻസ് നൽകുന്നതിന് സംസ്ഥാന സർക്കാരുകളുടെ അധികാരമേഖല വിപുലപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന പിഡിഎസ് മണ്ണെണ്ണ ക്വാട്ട വെട്ടികുറച്ചത് പുനസ്ഥാപിക്കാൻ നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുവെങ്കിലും ആയത് പുനസ്ഥാപിച്ചിട്ടില്ല. മാസം 2525 കി ലിറ്റർ മണ്ണെണ്ണ ലഭിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് നിലവിൽ 1400 കി ലിറ്റർ |

| | | | |
|---|---|---|---|
| | | | മണ്ണെണ്ണ മാത്രമാണ് ലഭിക്കുന്നത്. ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഡീസൽ ലിറ്ററിന് 3 രൂപ വീതം സബ്സിഡി നല്കുന്നുണ്ടെങ്കിലും ആയത് ബിപിഎൽ വിഭാഗക്കാർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ സംസ്ഥാനത്തെ ഭൂരിഭാഗം മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്. ഇക്കാര്യത്തിൽ എ.പി.എൽ/ബി.പി.എൽ വ്യത്യാസം ഒഴിവാക്കണമെന്ന് സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ പ രിഗണിച്ചിട്ടില്ല. തീര ക്ക ടലിൽ സംസ്ഥാനങ്ങളുടെ അധികാര പരിധി 12 നോട്ടിക്കൽ മൈലിൽ നിന്നും 36 നോട്ടിക്കൽ മൈൽ ആയി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2018 നവംബർ മാസം 10,11 തീയതികളിൽ എറണാകുളം CMFRI -ൽ വെച്ച് സംസ്ഥാനം നേതൃത്വം നൽകി വിളിച്ചുകൂട്ടിയ ദക്ഷിണേന്ത്യൻ ഫിഷറീസ് മന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ സംസ്ഥാനങ്ങളും ഏകകണ്ഠമായി ഈ ആവശ്യം കേന്ദ്രസർക്കാരിനോട് ഉന്നയിച്ചി ട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**